(സി) ഉദിക്കുന്നില്ല.

(ഡി) ഉണ്ടായി.

(ഇ, എഫ്) ചീഫ് ടെക്നിക്കൽ എക്സാമിനറുടെ (ധനകാര്യ പരിശോധനാ വിഭാഗം) അന്വേഷണം നടന്നുവരുകയാണ്.

(ജി) ശ്രീ. ടി. എം. ജേക്കബ്.

കല്ലട ജലസേചന പദ്ധതി

57 [2666] ശ്രീ. വി. ജെ. പൗലോസ്:
,, എം. കെ പോൾസൺ മാസ്റ്റർ:
,, കെ. സി. ജോസഫ്:
,, ലൂഡി ലൂയിസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കല്ലട പദ്ധതിക്കുവേണ്ടി ഇതുവരെ എന്തു തുക ചെലവഴിച്ചു;

(ബി) ഈ പദ്ധതിയുടെ എത്ര ശതമാനം പണി പൂർത്തിയായിട്ടുണ്ട്;

(സി) ഈ നിലയിൽ എത്ര ഹെക്ടർ സ്ഥലത്ത് ജലസേചനം നടത്തുവാൻ കഴിഞ്ഞുവെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 30-6-2005 വരെ 68,908.96 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി) 98% പണികളും പൂർത്തീകരിച്ചിട്ടുണ്ട്.

(സി) 78,469 ഹെക്ടർ സ്ഥലത്ത് ഇപ്പോൾ ജലവിതരണം നടത്തുന്നുണ്ട്.

കല്ലട ജലസേചന പദ്ധതിക്ക് കേന്ദ്രസഹായം

58 [2667] ശ്രീ. കെ. നാരായണക്കുറുപ്പ്:
,, തോമസ് ചാഴികാടൻ:
,, റോഷി അഗസ്റ്റിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കല്ലട ജലസേചന പദ്ധതിക്ക് കേന്ദ്രസഹായം ലഭ്യമാക്കാൻ സർക്കാരിന് പദ്ധതിയുണ്ടോ;

(ബി) എങ്കിൽ എത്ര കോടി രൂപയുടെ സഹായമാണ് കേന്ദ്രത്തിൽ നിന്ന് പ്രതീക്ഷിക്കുന്നത്; അത് എന്നത്തേക്ക് ലഭ്യമാകുമെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത ജലസേചന പദ്ധതി 'കാഡ്' പദ്ധതിയിൽ ഉൾപ്പെടുത്താൻ കേന്ദ്രത്തോട് ആവശ്യപ്പെടുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി) കല്ലട ജലസേചന പദ്ധതിയിലെ കാഡാ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുവേണ്ട വിശദമായ പ്രോജക്ട് റിപ്പോർട്ട് മിനിസ്ട്രി ഓഫ് വാട്ടർ റിസോഴ്സ്, ഗവൺമെൻറ് ഓഫ് ഇൻഡ്യക്ക് സമർപ്പിച്ചിട്ടുണ്ട്. കാഡാ പദ്ധതിയിൽ ഈ പദ്ധതിയെക്കൂടി ഉൾപ്പെടുത്തുന്നതിൻെറ ഭാഗമായി അടൂരിലും കൊട്ടാരക്കരയിലുമായി ടി പദ്ധതിയുടെ ഒരു ഡിവിഷനും മൂന്ന് സബ് ഡിവിഷനുകളും പ്രവർത്തനം ആരംഭിച്ച് പ്രാരംഭ നടപടികൾ സ്വീകരിച്ചു വരുന്നു.

ആമയിഴഞ്ചാൻ തോടിന് കുറുകെ പാലം നിർമ്മിക്കുവാൻ നടപടി

59 [2668] ശ്രീ. കെ. മോഹൻകുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെൻററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നോർത്ത് മണ്ഡലത്തിലെ കടകംപള്ളി വില്ലേജിൽ 'ഇടത്തറ'യിൽ ആമയിഴഞ്ചാൻ തോടിന് കുറുകെ പാലം നിർമ്മിക്കുന്നതിന് ഇറിഗേഷൻ വകുപ്പ് അനുമതി നൽകിയിരുന്നോ;

(ബി) പ്രസ്തുത പാലം നിർമ്മാണത്തിന് സാങ്കേതികാനുമതി നൽകിയത് എന്നാണെന്നും എത്ര തുകയെന്നും അറിയിക്കാമോ;

(സി) പാലം നിർമ്മാണം ടെൻഡർ ചെയ്തത് എന്നാണെന്ന് അറിയിക്കാമോ;

(ഡി) നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണ് എന്ന് അറിയിക്കാമോ;

(ഇ) നിർമ്മാണം എത്രയും വേഗം ആരംഭിക്കുവാൻ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) നൽകിയിരുന്നു.

(ബി) പ്രസ്തുത പ്രവൃത്തിക്ക് 19-1-2004-ൽ, 70 ലക്ഷം രൂപയുടെ സാങ്കേതിക അനുമതി നൽകിയിട്ടുണ്ട്.

(സി) സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ ഡി 3-4723/01/ഐ. എസ്. സി. നമ്പർ ദർഘാസ് പ്രകാരം, ദർഘാസ് സ്വീകരിക്കുന്ന അവസാന ദിവസം 30-6-2003 ആയിരുന്നു. പിന്നീട് ഇത് മാറ്റിവെക്കുകയും 22-1-2004-ന് ദർഘാസ് സ്വീകരിക്കുകയും ചെയ്തു.

(ഡി, ഇ) ബഡ്ജറ്റിൽ ആവശ്യമായ തുക വകയിരുത്താൻ കഴിയാതിരുന്നതിനാൽ പ്രവൃത്തി നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. ഫണ്ടിൻെറ ലഭ്യതയനുസരിച്ച് പ്രവൃത്തി പുനഃദർഘാസ് നടത്തി നടപ്പാക്കാൻ കഴിയുന്നതാണ്.

കരുവാറ്റാ പഞ്ചായത്തിലെ കാരമുട്ട് പ്രദേശത്തേക്ക് ഒരു കാർട്ടബിൾ പാലം

60 [2669] ശ്രീ. ടി. കെ. ദേവകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെൻററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് മണ്ഡലത്തിൽപ്പെട്ട കരുവാറ്റാ പഞ്ചായത്തിലെ കാരമുട്ട് പ്രദേശത്തേക്ക് ഒരു കാർട്ടബിൾ പാലം നിർമ്മിക്കുന്നതിന് ജലവിഭവ വകുപ്പിൽ നിന്ന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly